"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായിരുന്ന ശ്രീ.അരുൺ, ശ്രീ.ഉണ്ണിക്കുട്ടൻ എന്നിവർക്കെതിരെയുള്ള വിജിലൻസ് സത്വരാന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നത്-സംബന്ധിച്ച്

---

**തദ്ദേശ സ്വയംഭരണ(ഇ.ആർ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2895/2025/LSGD തീയതി,തിരുവനന്തപുരം, 01-12-2025

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 04.12.2014 തീയതിയിലെ ഇ4(ക്യൂവി 6/13/എ.എൽ.പി) 37789/2013 നമ്പർ കത്ത്
2. 30.11.2022 തീയതിയിലെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും
3. ശ്രീ. അരുൺ. ആർ സമർപ്പിച്ച 15.02.2023 തീയതിയിലെയും ശ്രീ. ഉണ്ണിക്കുട്ടൻ. വൈ സമർപ്പിച്ച 06.06.2023 തീയതിയിലെയും പ്രതിവാദ പത്രികകൾ
4. ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ 04.04.2024 തീയതിയിലെ LSGD/JD/ALP/118 നമ്പർ അന്വേഷണ റിപ്പോർട്ട്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.04.2024 തീയതിയിലെ LSGD/PD/5939/2023-VIGA6 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

ശ്രീ.അരുൺ. ആർ, ശ്രീ.ഉണ്ണിക്കുട്ടൻ. വൈ എന്നിവർ ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായിരിക്കെ(വി.ഇ.ഒ) ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) പദ്ധതി പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി നൽകിയ ഭവന നിർമ്മാണ പദ്ധതിയിൽ 14 ഭവന വായ്പ വിതരണം ചെയ്തതിൽ 4 ഗുണഭോക്താക്കളിൽ നിന്നും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ലായെന്നും എന്നാൽ ടിയാളുകൾ എസ്. സി. വിഭാഗത്തിൽപ്പെട്ടവർ തന്നെയാണെന്നും വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ അരൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സമർപ്പിച്ച സത്വരാന്വേഷണ റിപ്പോർട്ടിൽ ടിയാളുകൾക്കെതിരെ വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്തിരുന്നു.

2) മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ, അരൂർ സർക്കിളിൽ ഉൾപ്പെട്ട സുകുമാരി ആഞ്ഞിലി മൂട് എന്നയാൾക്ക് തഹസിൽദാരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം കൊടുത്ത നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. അരുണിനും, ചന്തിരൂർ സർക്കിളിൽ ഉൾപ്പെടുന്ന ശ്രീമതി തങ്കമ്മ, പാമ്പുന്തറ, ശ്രീമതി മായാ സുരേഷ്വട്ടത്തറ അരൂർ സെൻട്രൽ സർക്കിളിൽ ഉൾപ്പെടുന്ന ശ്രീമതി ജിനി പ്രമോദ്, കുന്നേൽ വീട് എന്നിവർക്ക് തഹസിൽദാരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം കൊടുത്ത നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ഉണ്ണിക്കുട്ടനും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയ കുറ്റം ചുമത്തി പരാമർശം

(2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

3) പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് മറുപടിയായി പരാമർശം (3) പ്രകാരം ശ്രീ. അരുൺ സമർപ്പിച്ച എതിർവാദ പത്രികയിൽ അർഹതാ പരിശോധനാവേളയിൽ ഗുണഭോക്താവ് പട്ടികജാതി വിഭാഗത്തിലുള്ള ആളാണെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുകയും, പുതിയ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണെന്നും എന്നാൽ ജാതി തെളിയിക്കുന്ന പുതിയ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം മൂലം ടിയാൾക്ക് ആനുകൂല്യം നഷ്ടപ്പെടും എന്ന് ബ്ലോക്കിൽ നിന്നും അറിയിച്ച ഘട്ടത്തിലാണ് നിലവിലെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എഗ്രിമെൻറ് വച്ചതെന്നും പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ, കുറ്റാരോപണ മെമ്മോ ലഭിച്ച സാഹചര്യത്തിൽ ഗുണഭോക്താവിനെ കാണുകയും ജാതി തെളിയിക്കുന്ന പുതിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദീകരിച്ചതായി പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) പരാമർശം (3) പ്രകാരം ശ്രീ. ഉണ്ണിക്കുട്ടൻ സമർപ്പിച്ച എതിർവാദ പത്രികയിൽ, ചന്തിരൂർ സർക്കിൾ വി.ഇ.ഒ ആയിരുന്ന ടിയാന് പട്ടണക്കാട് പഞ്ചായത്തിലെ തന്നെ അരൂർ സെൻട്രൽ വി.ഇ.ഒ സർക്കിളിന്റെ അധിക ചുമതലകൂടിയുണ്ടായിരുന്നു എന്നും 2011 - 2012 സാമ്പത്തികവർഷം 120 - ൽ അധികം വീടുകൾ ഐ.എ.വൈ പദ്ധതി പ്രകാരം എഗ്രിമെൻറ് വെച്ചിരുന്നു എന്നും ശ്രീമതി തങ്കമ്മ, ശ്രീമതി മായാ സുരേഷ്, ശ്രീമതി ജിനി പ്രമോദ് എന്നിവരോട് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ടിയാൻ നിരവധി തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കാതിരുന്നതിനാൽ ഇവരുമായി എഗ്രിമെൻറിൽ ഏർപ്പെടാൻ കഴിഞ്ഞിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.

5) പട്ടികജാതിയിൽപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ജാതി സർട്ടിഫിക്കറ്റിന്റെ പേരിൽ ആനുകൂല്യം നഷ്ടപ്പെട്ടാൽ വി.ഇ.ഒ സമാധാനം പറയേണ്ടിവരും എന്ന് അന്നത്തെ ജോയിൻറ് ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ ടിയാനോട് അറിയിച്ചിരുന്നതായും, തുടർന്ന് അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ടിയാൻ നേരിട്ട് ഐ.എ.വൈ ഗുണഭോക്താക്കളെ കാണുകയും പഴയ പട്ടികജാതി സർട്ടിഫിക്കറ്റ് റിപ്പോർട്ടാക്കി അപേക്ഷയോടൊപ്പം നൽകുകയും ചെയ്തു എന്നും പിന്നീട് വിജിലൻസിൽ നിന്നും ടി ന്യൂനത ചൂണ്ടിക്കാണിച്ചപ്പോൾ ഗുണഭോക്താക്കളെ നേരിൽ കണ്ട് പുതിയ പട്ടികജാതി സർട്ടിഫിക്കറ്റ് വാങ്ങി പട്ടണക്കാട് ബ്ലോക്ക് ഓഫീസിൽ സമർപ്പിച്ചുവെന്നും, കുറ്റാരോപണ മെമ്മോ ലഭിച്ച സാഹചര്യത്തിൽ വീണ്ടും പ്രസ്തുത ഐ.എ.വൈ ഗുണഭോക്താക്കളെ കാണുകയും പട്ടികജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി ശ്രീ. ഉണ്ണിക്കുട്ടൻ ബോധിപ്പിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) ശ്രീ. അരുൺ. ആർ, ശ്രീ.ഉണ്ണിക്കുട്ടൻ. വൈ എന്നീ വില്ലേജ് എക്സ്റ്റൻ ഓഫീസർമാരുടെ എതിർവാദ പത്രികയിലെ പ്രസ്താവനകൾ സ്വീകരിക്കാവുന്നതാണെന്നും ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നത് ക്രമരഹിതമാണെങ്കിൽ പോലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം പെട്ടെന്ന് നേടി കൊടുക്കുവാനുള്ള സദുദ്ദേശത്തോടെയാണെന്നതിനാൽ, എതിർവാദ പത്രികയോടൊപ്പം ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയത് അംഗീകരിച്ച് ഇനി മേലിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകി ശ്രീ. അരുൺ, ശ്രീ.ഉണ്ണിക്കുട്ടൻ എന്നിവർക്കെതിരായ അച്ചടക്കനടപടികൾ താക്കീത് നൽകി അവസാനിപ്പിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരമുള്ള ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്

7) സർക്കാർ ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. അരുൺ. ആർ, ശ്രീ.ഉണ്ണിക്കുട്ടൻ. വൈ എന്നിവരുടെ എതിർവാദ പത്രികയിലെ പ്രസ്താവനകൾ സ്വീകരിക്കാവുന്നതാണെന്നും ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നത് ക്രമരഹിതമാണെങ്കിൽ പോലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം പെട്ടെന്ന് നേടി കൊടുക്കുവാനുള്ള സദുദ്ദേശത്തോടെയാണെന്നതിനാലും എതിർവാദ പത്രികയോടൊപ്പം ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതും കണക്കിലെടുത്ത് ഇനി മേലിൽ ഇത്തരം കാര്യങ്ങളിൽ ജാഗ്രത

പാലിക്കണമെന്ന് 1960-ലെ കേരള സിവിൽ സർവ്വീസ്സ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 11(1) പ്രകാരമുള്ള താക്കീത്(സെൻഷർ) നൽകി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ. അരുൺ. ആർ, ശ്രീ.ഉണ്ണിക്കുട്ടൻ. വൈ എന്നിവർക്കെതിരായ അച്ചടക്കനടപടികൾ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1) ശ്രീ.അരുൺ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരൂർ ഗ്രാമപഞ്ചായത്ത് ആലപ്പുഴ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2) ശ്രീ.ഉണ്ണിക്കുട്ടൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരൂർ ഗ്രാമ പഞ്ചായത്ത്,ആലപ്പുഴ ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4) ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
6) വിജിലൻസ് (ഡി) വകുപ്പ്(26.06.2025-ലെ VIG-D3/473/2018-VIG പ്രകാരം)
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
8) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Dipukumar S L

Date: 01-12-2025 13:43:34

സെക്ഷൻ ഓഫീസർ